**കേരള സർക്കാർ**

ധനകാര്യ (പെൻഷൻ-ബി) വകുപ്പ്

# സർക്കുലർ

നമ്പർ 77/2011/ധന. *തിരുവനന്തപുരം, 2011 നവംബർ 2.*

വിഷയം:—സർവ്വീസിൽനിന്നും വിരമിച്ചവരുടെ പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത്—സംബന്ധിച്ച്.

സർവ്വീസിൽനിന്നും വിരമിക്കുന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാത്രമല്ല, പെൻഷൻ ആനുകൂല്യങ്ങൾ നിശ്ചിത സമയത്തിനകംതന്നെ നൽകുന്നതിനായി ഇതിനോടകം ധാരാളം ഉത്തരവുകളും സർക്കുലറുകളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യങ്ങളൊന്നുംതന്നെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുമ്പോൾ പാലിക്കുന്നില്ല എന്ന് കാണുന്നു. പെൻഷൻ അനുവദിക്കുവാൻ കാലതാമസം ഉണ്ടാകുമ്പോൾ പലിശയിനത്തിൽ സർക്കാരിന് അധികം സാമ്പത്തിക നഷ്ടം ഉണ്ടാകുന്നു. ആയതിനാൽ, വിരമിച്ച ദിവസംതന്നെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് എല്ലാ പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിമാരും താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്:

1. വിരമിക്കുന്ന ഉദ്യോഗസ്ഥന്റെ അപേക്ഷ ലഭിക്കുന്നതുവരെ കാത്തിരിക്കാതെ ടിയാൻ വിരമിക്കുന്നതിന് 3 വർഷം മുമ്പ് ജോലി ചെയ്തിരുന്ന ഓഫീസുകളിൽനിന്നും LC/NLC ലഭ്യമാക്കേണ്ടതാണ്.

2. വിരമിക്കുന്ന ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടികൾ എടുത്തിട്ടുണ്ടെങ്കിൽ അവ എത്രയും വേഗം തീർപ്പാക്കേണ്ടതാണ്.

3. ആഡിറ്റ് ക്ലിയർ ചെയ്യുവാൻ സാങ്കേതികമായി തടസ്സമുണ്ടെങ്കിൽ, ബാധ്യത ഉണ്ടാകുന്നപക്ഷം തിരിച്ചടയ്ക്കുകയോ തിരിച്ചു പിടിക്കുന്നതിന് സമ്മതമാണ് എന്നോ ഉള്ള സാക്ഷ്യപത്രത്തിൻമേൽ ഡി.സി.ആർ.ജി. അനുവദിക്കേണ്ടതാണ്.

4. വിരമിച്ച ഉദ്യോഗസ്ഥനെതിരെ വിജിലൻസ്/കോടതി കേസുകൾ നിലവിലുണ്ടെങ്കിൽ എത്രയും വേഗം തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

5. വിജിലൻസ്/കോടതി കേസ് ഉള്ളവ ഒഴികെയുള്ള എല്ലാ വിഭാഗത്തിനും വിരമിച്ച തീയതിതന്നെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതാണ്.

GCPT. 4/4198/2011/DTP.

6. വിജിലൻസ്/കോടതി കേസ് ഒഴികെ വിരമിച്ച് ഒരു വർഷത്തിനകം ഉദ്യോഗസ്ഥന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ലെങ്കിൽ പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിക്കെതിരെ അച്ചടക്ക നടപടി എടുക്കുന്നതായിരിക്കും.

സഞ്ജയ് ഗാർഗ്,

*ധനകാര്യ (എക്സ്പെൻഡിച്ചർ) സെക്രട്ടറി.*

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും വകുപ്പ് തലവൻമാർക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി.

രജിസ്ട്രാർ, ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റി.

രജിസ്ട്രാർ, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, വെള്ളാണിക്കര.

സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്.

ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി., തിരുവനന്തപുരം.

നോർക്ക വകുപ്പ്.

എല്ലാ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.

ഗവർണ്ണറുടെ സെക്രട്ടറി.

മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.

പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.

ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.

ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി.

പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ ട്രഷറികളും സബ് ട്രഷറികളും.

പൊതു ഭരണ (എസ്.സി.) വകുപ്പ്.

പബ്ലിക് റിലേഷൻസ് വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

നോഡൽ ഓഫീസർ, www.finance.kerala.gov.in

Endorsement on File No: A IIII(3) 1507/CHd ~~20~~ /11-2011.

Copy circulated to Establishment Sn and Account Sn. S 9/12/11

Sd 30/11/11